# കേരളത്തിലെ 'വി

കേരളഗവർമ്മെണ്ടിന്നെതിരായി ഇവിടത്തെ പ്രതിപക്ഷക്കാർ നടത്തിവരുന്ന "വിമോചനസമരം" ഇന്ത്യയിലെ ജനാധിപത്യവാദികളുടെയിടയിൽ വമ്പിച്ച ആശങ്കയ്ക്കും പ്രതിഷേധത്തിന്നുമിടയാക്കിയിട്ടുണ്ട്. കേരളത്തിൽ പൊതുതിരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കോൺഗ്രസ്സ് പാർലിമെണ്ടറിബോർഡ് പാസ്സാക്കിയ പ്രമേയം, രൂക്ഷതരമായ വിമർശനത്തിന്ന് വിധേയമായിരിക്കുന്നു. ഇതുസംബന്ധിച്ച്, പഞ്ചാബ് ഗവർണ്ണർ ശ്രീ: എൻ. വി. ഗാഡ്ഗിൽ, യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷൻ ചെയർമാൻ ശ്രീ: സി. ഡി. ദേശ്മുഖ്, ആഫ്രോ-ഏഷ്യൻ സൗഹാർദ്ദസംഘടനയുടെ പ്രസിഡണ്ട് ശ്രീമതി രാമേശ്വരി നെഹറു എന്നിവരും, "ടൈംസ് ഓഫ് ഇന്ത്യ", "സ്റ്റേററ്സ്മാൻ" തുടങ്ങിയ ചില പ്രമുഖ പത്രങ്ങളും പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ചിലതു് ചുവടെ ചേർക്കുന്നു:

## ഗവർണ്ണർ ഗാഡ്ഗിൽ

"ജനങ്ങൾ ഭരണഘടനാനുസൃതമായി തിരഞ്ഞെടുത്ത ഗവർമ്മെണ്ടെന്ന നിലയിൽ കേരളഗവർമ്മെണ്ടിന്ന്, തിന്റെ കാലാവധിയായ അഞ്ചുകൊല്ലക്കാലം അധികാരത്തിൽ തുടരാൻ അർഹതയും അവകാശവുമുണ്ട്........ അക്രമപര യായാലും അക്രമരഹിതമായാലും ശരി, ഗവർമ്മെണ്ടിനെ മാ റാൻ വേണ്ടി പ്രത്യക്ഷസമരം നടത്തുന്നത് ഒരിക്കലും ഭരണ ഘടനയ്ക്കു ചേർന്നതല്ല........തിരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾ ക്കു നൽകിയ വാഗ്ദാനങ്ങൾ നടപ്പിൽ വരുത്താൻ ഗവർമ്മെ ണ്ടിന്ന് [illegible] ആവശ്യമാണ്. ഇന്നത്തെ പ്രക്ഷോഭംകൊണ്ട് കേരളഗവർമ്മെണ്ട് മറിഞ്ഞുവീഴുകയാണെങ്കിൽ ഭാവിയിൽ വരാനിരിക്കുന്ന ഗവർമ്മെണ്ടും (അതു കോൺഗ്രസ്സുകാരുടേതാ യിരിക്കാനാണ് വഴി) ഇതുപോലെ തന്നെ മറിച്ചിടപ്പെട്ടേ ക്കാം. പൊട്ടെന്നുള്ള ഇത്തരം മാററം രാജ്യത്തിന്റെ ഏതു ഭാ ഗത്തായാലും ശരി, അതു ഇന്നത്തേക്കുമാത്രമല്ല, വ്യാപകമായി ഭാവിയിലും ദോഷഫലങ്ങളുളവാക്കുന്നതാണ്."

## സി. ഡി. ദേശ്മുഖ്

"ഭരണഘടനാപ്രകാരം തിരഞ്ഞെടുക്കപ്പെട്ട പാർലിമെ ലും അസംബ്ലികളിലുമുള്ള ചർച്ചകൾ മുഖേനയായിരിക്ക ം, ജനങ്ങളുടെ പ്രതികരണം പ്രകടിപ്പിക്കേണ്ടത്. മററു രൂപത്തിലുള്ള ഏതു പ്രകടനവും അധിക്ഷേപാർഹമാണ്. ബോംബെ സ്റ്റേററിനെ രണ്ടായി വിഭജിക്കണമെന്ന പ്രശ്ന ത്തിൽ സംയുക്തമഹാരാഷ്ട്രസമിതിയുടെ പ്രക്ഷോഭണപര യ സമീപനത്തെ ഒക്കെ അധിക്ഷേപിച്ച കോൺഗ്രസ്സ് പാർട്ടി ഇന്ന് കേരളത്തിൽ തങ്ങളുടെ ലക്ഷ്യം നിറവേററി ന്നതിന്നുവേണ്ടി അതേനയം അനുവർത്തിക്കുകയാണ് ചെയ്യു ത്.... ...കേരളത്തെ സംബന്ധിച്ച് ഈയിടെ കോൺഗ്രസ്സ് പാർലിമെണ്ടറിപാർട്ടി പാസ്സാക്കിയ പ്രമേയത്തോട് ഞാൻ ിരെ യോജിക്കുന്നില്ല".

## ശ്രീമതി രാമേശ്വരി നെഹറു

"ഒരു ചെറിയ ഭൂരിപക്ഷത്തോടുകൂടിയാണ് കമ്യൂണി സ്റ്റ് ഗവർമ്മെണ്ട് അധികാരത്തിൽ വന്നതെന്ന സംഗതി വാസ്ത മാണ്. എന്നാൽ മററു ചില സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ്കക്ഷി ഭരണം നടത്തുന്നത് ചെറിയ ഭൂരിപക്ഷത്തിന്റെ പിൻബലത്തോടെയാണെന്ന നാമോർക്കണം. അതിനാൽ ഒരു വ്യവസ്ഥാപിത ഗവർമ്മെണ്ടിനെ മറിച്ചിടുന്നതിന്ന് വേണ്ടി കേരളത്തിൽ നടത്തുന്നതുപോലുള്ള പ്രക്ഷോഭം അപകടകരമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കും."

## 'ടൈംസ് ഓഫ് ഇന്ത്യ'

"അഭിപ്രായസംഘട്ടനങ്ങൾ ഉണ്ടാവുകയാണെങ്കിൽ അതിന്ന് സമാധാനപരവും ഭരണഘടനാവിധേയവുമായ പരിഹാരമാർഗ്ഗങ്ങളാണ് കാണേണ്ടതെന്ന് പറഞ്ഞുകൊണ്ടാണ് കോൺഗ്രസ്സ് പാർലിമെണ്ടറി ബോർഡിന്റെ പ്രമേയം ഉപസംഹരിക്കുന്നത്. തികച്ചും ന്യായയുക്തമായ ഈ അഭിപ്രായപ്രകടനവുമായി ഒട്ടുംതന്നെ നിരക്കാത്തതാണ് പ്രമേയത്തിന്റെ ശേഷഭാഗങ്ങൾ........'പിക്കററിങ്ങ്' ഒരു രാഷ്ട്രീയസമരമെന്ന നിലക്ക് അഭിലഷണീയമല്ലെങ്കിൽ, 'സൂചനാപിക്കററിങ്ങ്' എങ്ങിനെയാണ് അഭിലഷണീയമായിത്തീരുക? വിപുലമായ പ്രത്യക്ഷസമരംകൊണ്ട് സ്റ്റേററിലെ അന്തരീക്ഷം മുഴുവൻ വിക്ഷുബ്ധമായി വെക്കുമ്പോൾ സ്കൂൾ കുട്ടികളെ ഒരിടത്തു ഒതുക്കിനിർത്താമെന്ന വിശ്വസിക്കുന്നത് ആത്മവഞ്ചന മാത്രമാണ്........സ്വന്തം കക്ഷിക്കാരെക്കൊണ്ട്, ഇടപെടാനാവശ്യമായ സാഹചര്യം ഭാഗികമായി സൃഷ്ടിച്ചതിനുശേഷം യൂണിയൻ ഗവർമ്മെണ്ട് ഇടപെടുകയെന്നതാണെങ്കിൽ അതു ഭരണഘടനയെ വ്യഭിചരിക്കലായിരിക്കും."

## 'സ്റ്റേററ്സ്മാൻ'

"ഇടക്കാലതിരഞ്ഞെടുപ്പുവഴി ജനഹിതം ആരായേണ്ടതാണെന്ന ഒരു ഉപദേശം കോൺഗ്രസ്സ് പാർലിമെണ്ടറി ബോർഡ് കേരളഗവർമ്മെണ്ടിന്ന് കൊടുത്തിട്ടുണ്ടല്ലോ. ഈ ഉപദേശം തിരസ്കരിക്കാൻ കേരളഗവർമ്മെണ്ടിന്ന് സ്വാതന്ത്ര്യമുണ്ട്. ഈ ഉപദേശം കൊടുത്ത പാർലിമെണ്ടറിബോർഡ് കേരളത്തിലെ പ്രധാനപ്രശ്നത്തിൽനിന്ന് ഒഴിഞ്ഞുമാറുകയാണ് ചെയ്തിട്ടുള്ളത്. നിയമവിധേയമായി അധികാരത്തിൽ വന്ന ഒരു ഗവർമ്മെണ്ടിനെ മറിച്ചിടാൻ വേണ്ടി പ്രത്യക്ഷസമരം നടത്താമോ എന്നതാണ് ആ പ്രശ്നം.......ഇന്ത്യയിൽനിന്നുകൂടി ജനാധിപത്യം അപ്രത്യക്ഷമാവാതിരിക്കണമെങ്കിൽ ഈ പ്രശ്നത്തെ കോൺഗ്രസ്സ് കലവറയില്ലാതെ അഭിമുഖീകരിച്ചേ തീരൂ".

# ...രം : ഇന്ത്യ പ്രതിഷേധിക്കുന്നു

## 'ഡെക്കാൻ ഹെറാൾഡ്'

"കോൺഗ്രസ്സ് ഹൈക്കമാണ്ട് നയിക്കുക എന്നതിനു പകരം, കേരള കോൺഗ്രസ്സിനാൽ നയിക്കപ്പെടുകയാണെന്നു തോന്നിപ്പോകുന്നു. പാർലിമെണ്ടറി ബോർഡിന്റെ പ്രമേയം വായിച്ചാൽ ഇതിൽനിന്നു വ്യത്യസ്തമായ ഒരഭിപ്രായം ഒരാൾക്കുണ്ടാവുക സാധ്യമല്ല........കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പ്രതിപക്ഷകക്ഷികൾ, തിരഞ്ഞെടുപ്പിൽ തോല്‌വി സംഭവിച്ചതുമൂലമുള്ള ഇച്ഛാഭംഗവും കമ്യൂണിസ്റ്റ് ഗവർമ്മെണ്ട് നടത്തിയ ചില നിയമനിർമ്മാണങ്ങൾമൂലം സ്വന്തം നിലയെ സംബന്ധിച്ച് അവർക്കുണ്ടായിട്ടുള്ള ഭയപ്പാടും നിമിത്തം, ജനാധിപത്യപരമായ സാധ്യതയെയോ ജനാധിപത്യപരമായ വഴക്കങ്ങളെയോ കണക്കാക്കാതെ ഒരു സമരത്തിലേക്ക് എടുത്തുചാടിയിരിക്കുകയാണ്...........കമ്യൂണിസ്റ്റ്കാർ അധികാരത്തിൽ വരുന്നതിനു രണ്ടാഴ്ചമുമ്പ് ഞങ്ങളിങ്ങിനെ എഴുതിയിരുന്നു: "ഒരു ചെമ്മുകിൽ, അതു ഒരു മുഷ്ടിയുടെ വലുപ്പത്തിൽപോലും ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതു വ്യാപിക്കുമോ എന്നുള്ളത്, കമ്യൂണിസ്റ്റ്കാരെക്കാൾ കൂടുതലായി കോൺഗ്രസ്സിനെ ആശ്രയിച്ചിരിക്കുന്നു." ഇന്നു കോൺഗ്രസ്സ്, കമ്യൂണിസ്റ്റ്കാരെ ജനാധിപത്യത്തിന്റെ സംരക്ഷകസേനയാക്കിയിരിക്കുകയാണ്"."

## 'ഭേരി'

"കേരളത്തിൽ വെടിവെപ്പുകൾ നടന്നതിനെ കുറിച്ചു അന്വേഷണം നടത്തണമെന്ന് നെഹ്റു പറയുന്നു. അന്വേഷണം നടത്തിയില്ലെങ്കിൽ സംശയമാണ് വളരുക എന്നാണ് നെഹ്റുവിന്റെ വാദം. ഈ വാദത്തെ ഞങ്ങൾ സ്വാഗതം ചെയ്യുമ്പോൾ തന്നെ, ഈ നല്ല ബുദ്ധി മുതുകുളത്തിൽ കഴപ്പം നടന്നപ്പോൾ എവിടെയായിരുന്നു എന്നു ചോദിച്ചുകൊള്ളട്ടെ. അന്നതു ഒരു "പ്രാദേശിക കാര്യമാണ്" എന്നാണു പറഞ്ഞതു. മുതുകുളത്തു പ്രാദേശികപ്രശ്നമാണെങ്കിൽ, കേരളം മാത്രം എങ്ങിനെ ഒരു അഖിലേന്ത്യാപ്രശ്നമായി? 'അമ്മായിഅമ്മ ഉടച്ചാൽ മൺപാത്രം, മരുമകൾ ഉടച്ചാൽ പൊൻപാത്രം' എന്ന പഴഞ്ചൊൽ പോലെയാണ് നെഹ്റുവിന്റെ വാദം..... പുതിയ തിരഞ്ഞെടുപ്പാണ് ഒരേ മാർഗ്ഗമെന്നാണ് ഇപ്പോൾ പറയപ്പെടുന്നതു. കുഴപ്പമുണ്ടാക്കിയാൽ തിരഞ്ഞെടുപ്പു നടത്തും എന്നാണല്ലോ ഇതിന്റെ അർത്ഥം. കോൺഗ്രസ്സ് ഭരിക്കുന്ന മററു സംസ്ഥാനങ്ങളിൽ പ്രതിപക്ഷങ്ങൾ ഇതേ പ്രവർത്തി (കുഴപ്പം സൃഷ്ടിക്കൽ) തുടർന്നാൽ ഇതേ "മാർഗ്ഗം" സ്വീകരിക്കപ്പെടുമോ എന്ന് ഞങ്ങൾ ചോദിക്കുകയാണ്".

"കേരളസംഭവങ്ങൾ, മററൊരുവിധത്തിലും ആപല്ക്കരമാണ്. ഇന്ന് അവിടെയുള്ള കോൺഗ്രസ്സുകാർ ചെയ്യുന്നതുപോലെ മററു സംസ്ഥാനങ്ങളിൽ കമ്യൂണിസ്റ്റ്കാരും മററു പാർട്ടിക്കാരും ചെയ്യുവാനാരംഭിച്ചാൽ എന്താണ് സംഭവിക്കുക? കമ്യൂണിസ്റ്റ്കാർ ക്ഷമിക്കുന്നത്രത്തോളം കോൺഗ്രസ്സുകാർ ക്ഷമിക്കുമോ എന്നു സംശയമാണ്. അത്രക്ക് ക്ഷമയില്ലാത്ത ഒരു സ്ഥിതിയിൽ അവർ എന്താണ് ചെയ്യുക? പല മുതുകുളത്തു സംഭവങ്ങൾ ഉണ്ടാകും. ഇങ്ങിനെ.......പോവുകയാണെങ്കിൽ രാജ്യത്തിന്റെ ഭാവി എന്താവും? ഇതിനെപ്പററിയുള്ള ബോധം കോൺഗ്രസ്സ് നേതൃത്വത്തിനു ഉണ്ടെന്നു തോന്നുന്നില്ല. (തമിഴ്നാട് ഡിമോക്രാററിക്ക് കോൺഗ്രസ്സിന്റെമുഖപത്രം)

## 'ഫ്രീ പ്രസ്സ് ജേർണൽ'

"ഒറീസ്സയിൽ ഒരു പുതിയ തെരഞ്ഞെടുപ്പുനടത്താൻ തയ്യാറാവാത്ത കോൺഗ്രസ്സ്, കേരളത്തിൽ പുതിയ തെരഞ്ഞെടുപ്പു നടത്തണമെന്നു നിർബ്ബന്ധിക്കുന്നതു അധാർമ്മികമാണ്...........തർക്കത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ കക്ഷികളും അടുത്ത ആഗസ്റ്റ് വരെ കാത്തിരിക്കണമെന്ന കേരള മുഖ്യമന്ത്രിയുടെ നിർദ്ദേശം, കൂടുതൽ പ്രായോഗികബുദ്ധിയോടുകൂടിയതാണെന്നു തോന്നുന്നു. ആഗസ്റ്റിൽ തദ്ദേശഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു നടക്കും. സമ്മതിദായകർക്ക് തങ്ങളുടെ വിധി പ്രഖ്യാപിക്കാൻ അപ്പോൾ സൗകര്യമുണ്ടാവും"

## 'ട്രിബ്യൂൺ'

"ഒരു രാഷ്ട്രീയപാർട്ടിയുടെ പാർലിമെണ്ടറി ബോർഡ്—ആ പാർട്ടി കോൺഗ്രസായാൽപോലും—ഒരു സ്റ്റേററിലെ ഭരണക്കാരെ ഇറക്കിപ്പെടുത്താൻവേണ്ടി പൊതുതെരഞ്ഞെടുപ്പിന് കല്പനകൊടുക്കണമെന്നു ആ സ്റ്റേററ് ഗവണ്മെണ്ടിനെ ഉപദേശിക്കുന്നതിന്റെ ഔചിത്യം ഞങ്ങൾക്കു മനസ്സിലാവുന്നില്ല. ആ ബോർഡ് എത്രതന്നെ പ്രധാനപ്പെട്ടതും ശക്തിയുള്ളതുമായാൽ തന്നെയും, അതിനു വേറൊരു രാഷ്ട്രീയപാർട്ടിയുടെ നിയന്ത്രണത്തിലുള്ള ഒരു സ്റ്റേററ് ഭരണത്തെ "ഉപദേശിക്കു"വാനുള്ള അവകാശമില്ല.

"കേരളത്തിൽ കമ്യൂണിസ്റ്റ്പാർട്ടി ഭരിക്കാൻ പാടില്ലെന്ന് കോൺഗ്രസ്സ് ദൃഢനിശ്ചയം ചെയ്തിരിക്കുന്നതെന്തോ, അതിന്റെ ഉദ്ദേശം തികച്ചും ന്യായയുക്തമാണ്............എന്നാൽ, ആ ലക്ഷ്യം നേടുന്നതിനുവേണ്ടി അതു നടത്തിയിട്ടുള്ളതും നടത്തുന്നതുമായ പ്രവർത്തനത്തിന്റെ രീതി തികച്ചും പ്രതിഷേധാർഹമാണ്............കേരളത്തിലെ പ്രക്ഷോഭത്തിനു കേന്ദ്രഗവണ്മെണ്ടിന്റെ നേതാക്കൾ നൽകിയിട്ടുള്ള പിന്തുണയുടെ തോതനുസരിച്ച്, ഈ കപടനാടകത്തിൽ അവർക്കും പങ്കുണ്ടെന്ന കാര്യം അവിതർക്കിതമാണ്"."

## 'ചെങ്കോൽ', മദിരാശി

തിരഞ്ഞെടുപ്പിനുശേഷം കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനശക്തി വളരെയധികം കുറഞ്ഞുപോയതുകൊണ്ടാണ് പുതിയ തിരഞ്ഞെടുപ്പ് എന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതത്രെ............കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനു ശേഷം തമിഴ്നാട്ടിൽ നടന്ന മുൻസിപ്പാൽ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനു വമ്പിച്ച പരാജയമാണ് നേരിടേണ്ടിവന്നിട്ടുള്ളതു. ചരിത്രം കാണാത്ത പരാജയം! മദിരാശി കോർപ്പറേഷൻ ദ്രാവിഡമുന്നേററകഴകവും കമ്യൂണിസ്റ്റ് പാർട്ടിയും കൂടി കരസ്ഥമാക്കി. കോയമ്പത്തൂർ—മധുര എന്നീ നഗരസഭകളിൽ കമ്യൂണിസ്റ്റ്പാർട്ടിയും, ഡിമോക്രാററിക്ക് കോൺഗ്രസ്സും ആണ് ഭരിക്കുന്നതു. ഈ കാരണങ്ങൾ കാട്ടികൊണ്ട് തമിഴ്നാട് അസംബ്ലിയിലേക്ക് വീണ്ടും തിരഞ്ഞെടുപ്പ് നടത്തണമെന്ന കോൺഗ്രസ്സിതരകക്ഷികൾ ആവശ്യപ്പെട്ടാൽ, തിരഞ്ഞെടുപ്പുനടത്താൻ തയ്യാറാവുമോ?"